**ഭരണഭാഷ-മാതൃഭാഷ**

ICDS/A2-8806/21

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 06.07.2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ

വിഷയം : വനിത ശിശു വികസന വകുപ്പ് - ICDS - അനീമിയ ബോധവൽക്കരണം - ക്യാപയിൻ-12 - ജൂലൈ മാസത്തെ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

ഊർജ്ജിത വിളർച്ച പ്രതിരോധ യജ്ഞം 2021മായി ബന്ധപ്പെട്ട് വകുപ്പ് നടപ്പിലാക്കുന്ന ക്യാമ്പെയിൻ-12ന്റെ ജൂലൈ മാസത്തെ പരിപാടികൾ സമൂഹത്തിലെ സാധാരണക്കാരായ ആളുകളിലെ വിളർച്ച കുറയ്ക്കുക എന്ന ലക്ഷ്യ പ്രാപ്തിക്കായി ഫിഷറീസ് വകുപ്പുമായി സംയോജിച്ച് മത്സ്യബന്ധന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ബോധവൽക്കരണം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. കോവിഡ് ലോക്ഡൗൺ പശ്ചാത്തലത്തിൽ നിലവിലെ പ്രതിബന്ധങ്ങൾക്കനുസൃതമായി ഓൺ ലൈൻ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് ജൂലൈ മാസത്തെ പരിപാടികളിൽ ആവിഷ്കരിക്കുന്നത്.

അനീമിയ അഥവാ വിളർച്ച സാമ്പത്തിക വ്യത്യാസമില്ലാതെ കുട്ടികൾ, കൗമാരപ്രായക്കാർ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരിൽ വളരെ കൂടുതൽ ആയി കണ്ടുവരുന്നു. ആയതിനാൽ വിളർച്ചയെ പ്രതിരോധിക്കുന്നതിനായി കഴിക്കേണ്ട ആഹാരക്രമം, ഒഴിവാക്കേണ്ട ഘടകങ്ങൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം വളർത്തേണ്ടത് അനിവാര്യമാണ്. അതിലുപരി മത്സ്യബന്ധന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ ഭക്ഷണത്തിൽ മത്സ്യവിഭവങ്ങൾ കൂടുതലായും മറ്റ് പോഷണങ്ങൾ ഉൾപ്പെട്ട പച്ചക്കറികൾ, പയർവർഗ്ഗങ്ങൾ തുടങ്ങിയവയുടെ ഉപയോഗം കുറവായും കാണുന്നുണ്ട്. ആയതിനാൽ

സമീകൃത ആഹാരം കഴിക്കുന്നതിലൂടെ വിളർച്ച തടയുന്നത് സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടത് ആവശ്യമാണ്.

അതിനായി ഫിഷറീസ് വകുപ്പുമായി സഹകരിച്ച് ക്യാമ്പെയിൻ-12ന്റെ ജൂലൈ മാസത്തെ പരിപാടികൾ (Phase 1&2) സംഘടിപ്പിക്കുന്നതിനായി ജില്ലാതലത്തിൽ അവലംബിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങള് ചുവടെ ചേർക്കുന്നു

PHASE - 1

**ജില്ലാതലം**

(8-7-21)

- പ്രോഗ്രാം ആഫീസർമാർ ജില്ലകളിലെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ ആഫീസുകളുമായി ബന്ധപ്പെട്ട് അനീമിയ ബോധവൽക്കരണം നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്ന രീതി സംബന്ധിച്ചും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരെ ബോധ്യപ്പെടുത്തുക. (തീരദേശമേഖല ഇല്ലാത്ത ജില്ലകളിൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ് ഓഫീസുമായി ബന്ധപ്പെടുക)
- ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിനു കീഴിലുള്ള ആഫീസുകളും ICDSപ്രോജക്ട് ആഫീസുകളും സംയോജിച്ച് പ്രവർത്തിക്കുന്നതിനും സുഗമമായ രീതിയിൽ ഓൺലൈൻ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന തിനാവശ്യമായ നിർദ്ദേശങ്ങൾ ഡെപ്യൂട്ടി ഡയറക്ടർ കീഴ്കാര്യാലയങ്ങൾക്ക് നൽകിയെന്ന് ഉറപ്പാക്കുക.

- ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിന്നും സബ് ഓഫീസുകളുടെ വിവരങ്ങൾ ശേഖരിച്ചു ബന്ധപ്പെട്ട CDPO-മാർക്ക് നൽകേണ്ടതും ഓരോ ICDS പ്രോജക്ടിന്റെ പരിധിയിലുള്ള അതത് ഫിഷറീസ് വില്ലേജുകളിൽ ഉൾപ്പെട്ട അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർ, പ്രൊമോട്ടർമാർ, സാഗർ മിത്ര കോ-ഓർഡിനേറ്റർമാർ എന്നിവരുടെ ലിസ്റ്റ് ഫോൺ നമ്പർ ഉൾപ്പടെ ശേഖരിക്കുന്നതിന് CDPOമാരെചുമതലപ്പെടുത്തുക.

(9-7-21)

- ജില്ലയിലെ CDPO-മാരുടെ ഓൺലൈൻ meeting വിളിച്ചു ചേർക്കേണ്ടതും campaign-12 പദ്ധതി TOT പരിശീലന നടത്തിപ്പ് സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതുമാണ്.
- CDPOമാർ ശേഖരിച്ച് ലഭ്യമാക്കുന്ന അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർ, പ്രൊമോട്ടർമാർ, സാഗർമിത്ര കോ-ഓർഡിനേറ്റർമാർ എന്നിവരെ TOT

പരിശീലകരായി തെരഞ്ഞെടുക്കേണ്ടതും പരിശീലന ഷെഡ്യൂൾ ക്രമീകരിച്ച് നൽകേണ്ടതുമാണ്.

- എല്ലാ ജില്ലകളിലുമായി ഏകദേശം 500-ഓളം വരുന്ന അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർ, പ്രൊമോട്ടർമാർ, സാഗർമിത്ര കോ-ഓർഡിനേറ്റർമാർ എന്നിവർ ഉണ്ടാകുമെന്നാണ് ഫിഷറീസ് വകുപ്പിൽ നിന്നും അറിയിച്ചിട്ടുള്ളത്. ആയതിനാൽ ടി ആളുകളുടെ എണ്ണത്തിനു അനുസൃതമായി ബാച്ചുകളായി തിരിച്ച് ട്രെയിനിംഗ് നൽകേണ്ടതാണ്. (ബാച്ചുകളുടെ എണ്ണവും ഉൾപ്പെടുത്തേണ്ട ആളുകളുടെ എണ്ണവും പ്രോഗ്രാം ഓഫീസർമാർക്ക് തീരുമാനിക്കാവുന്നതാണ്.)
- ഓരോ ബാച്ചിന്റെയും ചുമതല ഓരോ CDPO-മാർക്ക് നൽകേണ്ടതും RP-മാരായി CDPO/Supervisor/Nutritionist മാരെ നിശ്ചയിച്ച് നൽകേണ്ടതുമാണ്.
- ഓരോ ബാച്ചിന്റെയും ചുമതലയുള്ള CDPO-മാർ ലിങ്ക് create ചെയ്യേണ്ടതും അവരവരുടെ ബാച്ചിൽപ്പെട്ട ആളുകൾക്ക് ഒരു ദിവസത്തിന് മുന്പായി തന്നെ ഷെയർ ചെയ്തു നൽകേണ്ടതാണ്.
- വകുപ്പിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ള അനീമിയ സംബന്ധിച്ച handbook, PPT എന്നിവ (soft copy) RP-മാർക്ക് മുൻകൂറായി നൽകേണ്ടതാണ്.ആയതിൻ പ്രകാരമാണ് പരിശീലനം സംഘടിപ്പിക്കേണ്ടത്.
- TOT പരിശീലനം ആരംഭിക്കുന്നതിനു മുൻപ് പരിശീലനം നടത്തുന്നതിന്റെ ആവശ്യകത സംബന്ധിച്ചും TOT പരിശീലനം കഴിഞ്ഞാൽ തുടർ പരിശീലനം നടത്തുന്നതിലൂടെ തീരദേശ മേഖലയിലെ ഏറ്റവും സാധാരണക്കാരായ ആളുകൾക്ക് സമയ ബന്ധിതമായ തുടർപരിശീലനത്തിലൂടെ അനീമിയ ബോധവൽക്കരണം നടത്തേണ്ടതിന്റെ പ്രാധാന്യം സംബന്ധിച്ചും 5 മിനിട്ട് introduction speech നടത്തുന്നതിന് ഫിഷറീസ് വകുപ്പിലെ ജില്ലാ തല ഉദ്യോഗസ്ഥരെ കൂടി ക്ഷണിക്കേണ്ടതാണ്.
- TOT പരിശീലനത്തിനായിട്ടുള്ള കോ-ഓർഡിനേറ്റർമാർ, പ്രൊമോട്ടർമാർ, സാഗർ മിത്രകോ-ഓർഡിനേറ്റർമാർ എന്നിവരെ ബാച്ചുകളായി തിരിച്ചതിന്റെയും ചുമതലപ്പെടുത്തിയിട്ടുള്ള CDPO-മാരുടെയും RP-മാരുടേയും വിവരങ്ങൾ **9-7-21** തീയതിയിൽ പ്രോഗ്രാം ഓഫീസർമാർ തയ്യാറാക്കേണ്ട താണ്.

12-7-21

- TOT പരിശീലനം 12/7/2021 തീയതിയിൽ തന്നെ നടത്തേണ്ടതാണ്.
- ഓരോ ജില്ലയിലെയും എല്ലാ അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർ, പ്രൊമോട്ടർമാർ, സാഗർമിത്ര കോ-ഓർഡിനേറ്റർമാർ എന്നിവർക്ക് പരിശീലനം ലഭിച്ചിട്ടുണ്ടെന്ന് പ്രോഗ്രാം ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

**പ്രോജക്ട് തലം**

- അവരവരുടെ പ്രോജക്ട് പരിധിയിൽ വരുന്ന ഫിഷറീസ് വില്ലേജുകളിൽ ഉൾപ്പെട്ട അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർ, പ്രൊമോട്ടർമാർ, സാഗർമിത്രകോ-ഓർഡിനേറ്റർമാർ എന്നിവരുടെ ഫോൺ നമ്പർ സഹിതമുള്ള ലിസ്റ്റ് supervisor-മാർ മുഖാന്തിരം 08-07-21ന് ശേഖരിച്ച് ക്രോഡീകരിച്ച ലിസ്റ്റ് CDPO-മാർ PO- മാർക്ക് നൽകണം.
- CDPO-മാർ അവരവരുടെ വിവരശേഖരണം നടത്തുമ്പോൾ തന്നെ campaign 12 പദ്ധതി സംബന്ധിച്ചും TOT പരിശീലനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സംബന്ധിച്ചും TOT പരിശീലനം ഓൺലൈനായി google പ്ലാറ്റ്ഫോമിലാണ് നൽകുന്നത് എന്നും എല്ലാ ആളുകളുടെയും പങ്കാളിത്തം ഉറപ്പാക്കണമെന്നും ഫിഷറീസ് വകുപ്പിലെ ബന്ധപ്പെട്ട ആളുകൾക്ക് അറിയിപ്പ് നൽകേണ്ടതാണ്.
- ഓരോ പ്രൊജക്റ്റ് പരിധിയിലുള്ള മുഴുവൻ അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർ, പ്രൊമോട്ടർമാർ, സാഗർമിത്രകോ-ഓർഡിനേറ്റർമാർ എന്നിവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.
- ഇപ്രകാരം ശേഖരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർ, പ്രൊമോട്ടർമാർ, സാഗർമിത്രകോ-ഓർഡിനേറ്റർമാർ എന്നിവർക്കായുള്ള **12-7-21 ലെ** TOTപരിശീലനങ്ങളും തുടർ പരിശീലങ്ങളും നടത്തുന്നതിന് P.O മാരുടെ നിർദേശാനുസരണം പ്രവർത്തിക്കുക.

PHASE -2

**ജില്ലാതലം**

- TOT പരിശീലനം ലഭിച്ച അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർ, പ്രൊമോട്ടർമാർ, സാഗർമിത്രകോ-ഓർഡിനേറ്റർമാർ എന്നിവരും ICDSസൂപ്പർവൈസർമാരും സംയുക്തമായി ഫിഷറീസ് വില്ലേജുകളിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങള്ക്ക് 15-7-2021 മുതൽ 31-7-2021 വരെയുള്ള ദിവസങ്ങൾക്കുള്ളിൽ തുടർ പരിശീലനം നൽകുന്നതിനുള്ള activity calander തയ്യാറാക്കി 14-7-2021 ന് തന്നെ പ്രോഗ്രാം ഓഫീസിൽ ലഭ്യമാക്കുന്നതിനായി ജില്ലയിലെ ഓരോ CDPO മാരെയും ചുമതലപ്പെടുത്തണം
- CDPO മാർ പ്രോഗ്രാം ഓഫീസർമാർക്ക് ലഭ്യമാക്കുന്ന ACTION PLAN ക്രോഡീകരിച്ച 17-7-2021 ൽ ഡയറക്ടറേറ്റിൽ ലഭ്യമാക്കണം.

**പ്രോജക്റ്റ് തലം**

- TOT പരിശീലനം ലഭിച്ച അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർ, പ്രൊമോട്ടർമാർ, സാഗർമിത്രകോ-ഓർഡിനേറ്റർമാർ എന്നിവരും ICDS സൂപ്പർവൈസർമാർ, ന്യൂട്രീഷനിസ്റ്റ് എന്നിവർ സംയുക്തമായി ചർച്ച ചെയ്ത ഫിഷറീസ് വില്ലേജുകളിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അനീമിയ സംബന്ധിച്ച ബോധവൽക്കരണം (online/offline) നടത്തുന്നതിനുള്ള action plan CDPO-യുടെ നേതൃത്വത്തിൽ തയ്യാറാക്കി PO മാർക്ക് നൽകണം.
- ബോധവൽക്കരത്തിനുള്ള ലിങ്ക് TOT പരിശീലനം ലഭിച്ചിട്ടുള്ള ആളുകൾക്ക് create ചെയ്ത നൽകുവാൻ supervisor-മാരെ ചുമതലപെടുത്തേണ്ടതാണ്. ടി പരിശീലനത്തിൽ സൂപ്പരവൈസര്മാരുടെ പങ്കാളിത്തം CDPO ഉറപ്പാക്കേണ്ടതാണ്.
- സ്കൂൾ/കോളേജ് കുട്ടികൾ ഉള്ള എല്ലാ വീട്ടിലും ഇപ്പോൾ മൊബൈൽ ഫോൺ സൗകര്യം ഉണ്ടാകുമെന്നുള്ളതിനാൽ കുട്ടികൾക്ക് ക്ലാസ് ഇല്ലാത്ത സമയം/അവധി ദിവസം പരിഗണിച്ച് വേണം ബോധവൽക്കരണ ക്ലാസിനുള്ള സമയം തീരുമാനിക്കേണ്ടത്.
- ഓൺലൈൻ പരിശീലനം ആണ് നടത്തുന്നതെങ്കിൽ മത്സ്യ തൊഴിലാളി കുടുംബങ്ങളിൽ ഫോൺസൗകര്യം ഉണ്ട് എന്ന് അങ്കണവാടി പ്രവർത്തകർ മുഖാന്തിരം supervisor മാർ ഉറപ്പ് വരുത്തണം.
- ഫോൺ/ഇന്റർനെറ്റ് സൗകര്യം ഇല്ലാത്ത കുടുംബങ്ങൾ ഉണ്ടെങ്കിൽ അത്തരം കുടുംബങ്ങളെ കണ്ടെത്തി അവർക്ക് ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ supervisor മുൻകൈ എടുത്ത് നടത്തേണ്ടതും അപ്രകാരം നടത്തിയിട്ടുണ്ടെന്ന് CDPO ഉറപ്പ് വരുത്തേണ്ടതുമാണ്,
- ബോധ വൽക്കരണ പരിപാടി സംബന്ധിച്ച തീയതി, സമയം എന്നിവ അങ്കണവാടി പ്രവർത്തകർക്ക് നൽകേണ്ടതും ഓരോ അങ്കണവാടി പ്രവർത്തകരും അവരവരുടെ ഏരിയായിലുള്ള കുടുംബങ്ങളെ ബോധവൽക്കരണ ദിവസം ഫോൺ മുഖാന്തിരം ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുന്നതിനെ കുറിച്ച് ഒന്നുകൂടി ഓർമിപ്പിക്കണം എന്ന നിർദേശം അങ്കണവാടി പ്രവർത്തകർക്ക് CDPO/Supervisor നൽകേണ്ടതാണ്.
- അതത് പ്രദേശത്തെ മുഴുവൻ മത്സ്യത്തൊഴിലാളികുടുംബങ്ങള്ക്കും ബോധവൽക്കരണം ലഭിക്കുന്ന രീതിയിൽ ആയിരിക്കണം action plan തയ്യാറാക്കേണ്ടത്.

**പൊതുനിർദ്ദേശങ്ങൾ**

- ഒരു ICDS Project ഏരിയായിൽ ഉള്ള ഭൂരിഭാഗം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ബോധവൽക്കരണം ലഭിക്കത്തക്കരീതിയിലുള്ള Sessions ക്രമീകരിച്ച് നല്കുവാൻ ശിശു വികസന പദ്ധതി ഓഫീസർ/പ്രോഗ്രാം ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.
- TOT ഓൺലൈൻ ക്ലാസ്സ് നയിക്കുന്നതിന് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ/സൂപ്പർവൈസർ/ന്യൂട്രിഷനിസ്റ്റ് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
- TOT പരിശീലനത്തിനുള്ള ലിങ്ക് ശിശു വികസന പദ്ധതി ഓഫീസർമാരും തുടർ പരിശീലനങ്ങൾക്കുള്ള ലിങ്ക് സൂപ്പർവൈസർമാരും തയ്യാറാക്കണം
- പ്രോജക്ട് തല റിപ്പോർട്ടുകൾ പ്രോഗ്രാം ഓഫീസർമാർ കീഴ് കാര്യാലയങ്ങളിൽ നിന്നും കൃത്യമായി ശേഖരിച്ച് ക്രോഡീകരിച്ച് റിപ്പോർട്ടുകൾ പ്രോഗ്രാം ഓഫീസർമാർ ഡയറക്ടറ്റിൽ 05-08-21നകം ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്കുവേണ്ടി

**ANITTA S LIN**
**Assistant Director**
**Women and Child Development Department**
**Thiruvananthapuram - 695 012**
**PEN : 211706**

ജികെ/